# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
### ഈസ്റ്റർ പരീക്ഷ 2018

**ക്ലാസ്സ് : VII** **സമയം : 2 മണിക്കൂർ**
**തീയതി : 07-04-2018** **മാർക്ക് : 70**

**പദപ്പെട്ടിയിൽനിന്ന് ഉത്തരം എടുത്തെഴുതുക** **5**

| | | |
|---|---|---|
| ഹൃദയം | കുടുംബം | |
| നീതി | കൊല്ലരുത് | സ്നേഹം |

1. സമൂഹത്തിന്റെ അടിസ്ഥാന ഘടകം
2. ഓരോരുത്തർക്കും അവകാശപ്പെട്ടത് നല്കാൻ ഒരുവനെ പ്രേരിപ്പിക്കുന്ന പുണ്യം
3. ക്രിസ്ത്യാനികളുടെ മുഖമുദ്ര
4. പഴയനിയമത്തിൽ മനഃസ്സാക്ഷിയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദം.
5. നമ്മുടെയും മറ്റുള്ളവരുടെയും ജീവനെ സംരക്ഷിക്കണമെന്ന് അനുശാസിക്കുന്ന പ്രമാണം.

**II പൂരിപ്പിക്കുക** **5**

6. സഭയുടെ പരമോന്നതമായ ആരാധനയാണ്.................................
7. പരസ്നേഹത്തിന്റെ പാരമ്യം ............................................ ആണ്
8. ദൈവപരിപാലനയിൽ ആശ്രയിച്ച് ജീവിക്കുന്നവരാണ്...............
9. പാറപോലെ നമ്മുടെ ജീവിതത്തിന് ഉറപ്പും ബലവും നൽകുന്നതാണ് ........................................
10. മിശിഹായും സഭയും തമ്മിലുള്ള ഉടമ്പടിയെ ...................... എന്ന കൂദാശ സൂചിപ്പിക്കുന്നു.

**III ചേരുംപടി ചേർക്കുക** **5**

11. കർത്താവിന്റെ ദിനം - മൈക്കിൾ ആഞ്ചലോ
12. പിയാത്ത - ഇസ്രായേൽ
13. പ്രവാചകൻ - ജോൺ പോൾ രണ്ടാമൻപാപ്പ
14. ഹല്ലേലുയ്യ - ഏലിയ
15. യാക്കോബ് - ദൈവത്തിന് സ്തുതി

**IV ശരിയോ തെറ്റോ എന്ന് എഴുതുക** **5**

16. വി. അന്തോനീസിന്റെ അഭിപ്രായത്തിൽ കുമ്പസാരം പറുദീസയുടെ വാതിലാണ്.
17. നിരാശ വിശ്വാസത്തിനെതിരായ പാപമാണ്
18. വിശുദ്ധരുടെ പൂന്തോട്ടമാണ് കത്തോലിക്കാസഭ.
19. സത്യസന്ധതയ്ക്ക് വിരുദ്ധമായ ഒരു തിന്മായാണ് ഏഷണി.
20. ശാന്തശീലർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും.

**V ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

21. മാർതോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടം ഇപ്പോൾ എവിടെ?
22. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനം എന്ത്?
23. വി. അന്തോനീസ് ജനിച്ചത് എവിടെ?
24. ഷംഷാബാദ് രൂപതയുടെ മെത്രനാര്?
25. വി. മരിയ ഗൊരേത്തിയുടെ തിരുനാൾ ദിനം.

**VI വചനം തിരുവചനം** **5**

26. മനുഷ്യശരീരം ദൈവത്തിന്റെ ആലയമാണെന്ന് സൂചിപ്പിക്കുന്ന തിരുവചനം വി. പൗലോസിന്റെ ലേഖനത്തിൽനിന്ന് (1 കോറി. 3:16).
27. നിങ്ങൾക്ക് നന്മവരാനും ഭൂമിയിൽ ദീർഘകാലം ജീവിച്ചിരിക്കാനും എന്തു ചെയ്യണമെന്നാണ് പുറപ്പാടിന്റെ പുസ്തകത്തിൽ പറയുന്നത് (പുറ. 20:12).

**VII ഉത്തരമെഴുതുക**

28. പൊതുസ്വത്ത്, സ്വകാര്യസ്വത്ത് എന്നാൽ എന്ത്? **2**
29. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വിലക്കപ്പെട്ട വേലകൾ ചെയ്യരുത് എന്ന് പറയുന്നതിന്റെ അർത്ഥം എന്ത്? **2**

30. വി. അലോഷ്യസ് ഗൊൺസാഗയെ ഈശോ സഭയിൽ ചേരാൻ സ്വാധീനിച്ച പുസ്തകമേത്? പുണ്യവചനം എഴുതുക 3

31. വി. ഫ്രാൻസിസ് സേവ്യറിന്റെ ജീവിത സന്ദേശം എഴുതുക. 3

32. ക്രിസ്തീയ മനസ്സാക്ഷി രൂപീകരിക്കാൻ ആവശ്യമായ കാര്യങ്ങൾ ഏവ? 4

33. ഈശോയുടെ സ്നേഹത്തിന്റെ സവിശേഷതകൾ ഏതെല്ലാം? ഈ സവിശേഷതകൾ എപ്രകാരം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാം. 4

34. തിരുസഭയുടെ കല്പനകൾ എഴുതുക. 5

35. മാതാപിതാക്കളോടുള്ള മക്കളുടെ കടമകൾ എന്തെല്ലാം? 5

36. ജീവൻ ദൈവത്തിന്റെ ദാനമാണ്. ജീവൻ സംരക്ഷിക്കേണ്ടവരാണ് നാമോരോരുത്തരും. ഇന്ന് ലോകത്തിൽ നിലനിൽക്കുന്ന മനുഷ്യജീവനെതിരായ തിന്മകളേവയെന്ന് വ്യക്തമാക്കുക? 6

37. ഞായറാഴ്ച കർത്താവിന്റെ ദിനമായി തിരഞ്ഞെടുക്കുവാനുള്ള കാരണങ്ങളേവ? 6